

**തകർപ്പൻ മത്സരം**
**കേരം കാക്കാൻ കുട്ടിക്കൂട്ടം**

# നീര എന്ന അത്ഭുത പാനീയം

**തേ**ങ്ങയ്ക്ക് വിലയിടിഞ്ഞേ, തെങ്ങുകൃഷി ഗുണമില്ലേ എന്നൊക്കെയുള്ള പരിദേവനം കേട്ടുകേട്ട് ശീലമായി അല്ലേ? തെങ്ങിൽനിന്നും വൈവിധ്യമാർന്ന കൂടുതൽ ഉത്പന്നങ്ങൾ നിർമിച്ചാൽ ഇതിന് പരിഹാരമാവും!

അധികമാർക്കും അറിയാത്ത ഒരു കേര ഉത്പന്നം പരിചയപ്പെട്ടുകളയാം. പേര് നീര. ആഹാ, എന്തു സുന്ദരൻ പേര്! കൽപവൃക്ഷത്തിന്റെ വിടരാത്ത പൂങ്കുലയിൽ നിന്നൂറി വരുന്ന ഔഷധഗുണവും രുചിയുമുള്ള പാനീയമാണ് നീര. മധുരക്കള്ള് എന്നും വേണമെങ്കിൽ പറയാം. ഇത് കള്ളാണെന്ന് തെറ്റിദ്ധരിക്കല്ലേ! പക്ഷേ, നീര പുളിച്ചാൽ തെങ്ങിൻകള്ളായി മാറും. ഇക്കാരണത്താൽ നീര എന്ന ഉത്പന്നം അബ്കാരി നിയമത്തിന്റെ കുരുക്കിൽ പെട്ടിരിക്കുകയാണ്.

ഒട്ടും തന്നെ മദ്യാംശം ഇല്ലാത്തതും ഏറെക്കാലം കേടുകൂടാതെ സംസ്കരിച്ച് സൂക്ഷിക്കാവുന്നതുമായ പാനീയമാണ് നീര. ഇത് പുളിക്കാതെ സൂക്ഷിക്കുന്നതിനുള്ള സാങ്കേതികവിദ്യ മൈസൂരിലെ ഡി.എഫ്.ആർ.എല്ലും സി.എഫ്.ടി.ആർ.ഐ.യും കൂടി വികസിപ്പിച്ചെടുത്തിട്ടുണ്ട്. നീര ഒരു ഉത്പന്നമാക്കി വിപണിയിലെത്തിച്ചാൽ ഒട്ടനവധി പുതിയ തൊഴിലവസരങ്ങളാണ് കേരളത്തിൽ ഉണ്ടാവാൻ പോവുന്നത്. കൂടാതെ കോടിക്കണക്കിന് രൂപയുടെ വരുമാനവും കേരളത്തിന് ഉണ്ടാവും.

നീരയിൽ നിന്നുണ്ടാക്കാവുന്ന ഉത്പന്നങ്ങളിൽ ഒന്നാണ് ചക്കര. കരുപ്പട്ടി എന്നും ഇതിന് പേരുണ്ട്. പുരാതനമായ മധുരങ്ങളിൽ ഒന്നാണിത്. ഇതിന്റെ ഔഷധമൂല്യം വളരെ പ്രശസ്തമാണ്. നീരയിൽ നിന്നുണ്ടാക്കുന്ന ചക്കര, കരിമ്പിൻ ശർക്കരയേക്കാൾ മികച്ചതാണെന്നു മാത്രമല്ല ധാതുക്കളാൽ സമ്പുഷ്ടവുമാണ്. തെങ്ങിൻ ചക്കരയ്ക്ക് ആവശ്യക്കാർ ഏറിവരികയാണ്. ഒട്ടുമിക്ക തെക്കുകിഴക്കനേഷ്യൻ രാജ്യങ്ങളും ചക്കര വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. ഇന്ത്യയിൽത്തന്നെ കേരളം ഒഴികെ മറ്റു സംസ്ഥാനങ്ങളും തെങ്ങിൻചക്കര വ്യാവസായികമായി ഉത്പാദിപ്പിച്ച് കയറ്റുമതി ചെയ്യുവരുന്നു. ഇൻഡൊനീഷ്യ പോലുള്ള രാജ്യങ്ങളിൽ ഒരു പടികൂടി കടന്ന് തെങ്ങിൻ ചക്കരയെ, പഞ്ചസാരയായി മാറ്റുന്നുമുണ്ട്. നൂറു ശതമാനം ജൈവോത്പന്നമായ ഈ പഞ്ചസാരയ്ക്ക് ലോകമാർക്കറ്റിൽ വൻ ഡിമാൻഡാണ്. ജൈവപഞ്ചസാര സിറപ്പ് രൂപത്തിലാക്കി കയറ്റുമതി രംഗത്ത് വൻ കുതിപ്പ് നേടിയിരിക്കുകയാണ് ഇൻഡൊനീഷ്യ.

നീരയിൽ നിന്ന് തേൻ, തരിരൂപത്തിലാക്കിയ മധുരക്കള്ള്, സോഫ്റ്റ് ഡ്രിങ്ക്സ്, ജാം, മിഠായി, കേക്ക്, വൈൻ തുടങ്ങി നിരവധി പോഷകമൂല്യങ്ങളുള്ള ഉത്പന്നങ്ങൾ നിർമിച്ച് വിപണനം നടത്താൻ കഴിയും. നീരയിൽ നിന്നുണ്ടാക്കുന്ന തേൻപലഹാരങ്ങളിൽ ഉപയോഗിക്കാവുന്നതാണെന്ന് കേരള കാർഷിക സർവ്വകലാശാല കണ്ടെത്തിയിട്ടുണ്ട്. തരിരൂപത്തിലാക്കിയ മധുരക്കള്ള് ആറു മാസം കേടാകാതിരിക്കുന്നതിനാൽ പായ്ക്കറ്റിലാക്കി വിപണനം ചെയ്യാം.



തെങ്ങിൻ ചക്കര

നീരയിൽ നിന്നുണ്ടാക്കുന്ന 'തെങ്ങിൻ ചക്കര' ഗ്രാമീണ ജനതയുടെ ദാരിദ്ര്യത്തിനുള്ള മറുമരുന്നായി, നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ഏഴു ദശാബ്ദങ്ങൾക്കു മുമ്പേ നിർദ്ദേശിച്ചിരുന്നു. ഇത് പ്രാവർത്തികമാക്കാനുള്ള നടപടികൾ ആരംഭിക്കാൻ ഇനിയും വൈകിക്കൂടാ. തെങ്ങ് ലോകത്തിലെമ്പാടുമുള്ള ഫലവൃക്ഷങ്ങളിൽ ഏറ്റവും ആദായകരമായ വിളയാവാനുള്ള സാദ്ധ്യതയാണിവിടെ വഴി തുറക്കുന്നത്.

*വിവരങ്ങൾക്ക് കടപ്പാട്:* **മിനി മാത്യു**
പബ്ലിസിറ്റി ഓഫീസർ,
നാളികേര വികസന ബോർഡ്

**മാ**തൃഭൂമി വിദ്യയും മാതൃഭൂമി ന്യൂസ് ചാനലും ചേർന്ന് നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ അവതരിപ്പിക്കുന്ന 'കേരം കാക്കാൻ കുട്ടിക്കൂട്ടം' എന്ന മത്സരത്തെക്കുറിച്ച് അറിഞ്ഞുകാണുമല്ലോ. കൂട്ടുകാരോടെല്ലാം ഈ തകർപ്പൻ മത്സരത്തിൽ പങ്കെടുക്കാൻ പറയണേ! യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. ഹയർസെക്കൻഡറി പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്നവർക്കും കുട്ടിക്കൂട്ടത്തിൽ പങ്കെടുക്കാൻ അവസരമുണ്ട്. ഒന്നാംഘട്ട മത്സരങ്ങൾ അതാത് ജില്ലകളിൽ വച്ച് നടത്തും. തെങ്ങിനെക്കുറിച്ച് മികച്ച പ്രോജക്റ്റുകൾ അവതരിപ്പിക്കുന്ന അഞ്ചുപേരെ ഓരോ ജില്ലയിൽനിന്നും തെരഞ്ഞെടുക്കും. പത്തു മിനിറ്റാണ് ജില്ലാതലത്തിൽ പ്രോജക്റ്റുകൾ അവതരിപ്പിക്കാൻ നൽകുന്ന പരമാവധി സമയം. പതിനാല് ജില്ലകളിൽനിന്ന് തെരഞ്ഞെടുക്കുന്ന എഴുപത് പ്രതിഭകളെ പങ്കെടുപ്പിച്ച് നടത്തുന്ന കുട്ടിപാർലമെന്റാണ് അടുത്തഘട്ടം. ഇതിൽ മന്ത്രിമാരും ഉദ്യോഗസ്ഥരും കർഷകരും പങ്കെടുക്കും. കുട്ടിപാർലമെന്റിൽ പങ്കെടുക്കുന്ന 70 പേർക്കും 5000 രൂപ വീതം ക്യാഷ് പ്രൈസ്! കൂടാതെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന മൂന്ന്പേർക്ക് പ്രത്യേക പുരസ്കാരം. കുട്ടിപാർലമെന്റ് മാതൃഭൂമി ന്യൂസ് ചാനലിൽ സംപ്രേഷണം ചെയ്യും. വേഗമാകട്ടെ, ഇന്നുതന്നെ കുട്ടിക്കൂട്ടത്തിൽ രജിസ്റ്റർ ചെയ്തോളൂ...

## ₹ 3.5 ലക്ഷം ക്യാഷ് അവാർഡ്!

**കൂടാതെ**
**സർട്ടിഫിക്കറ്റും ട്രോഫിയും**
**ടിവി സ്റ്റാറാകാനുള്ള അവസരവും!**

**മത്സരത്തിൽ രജിസ്റ്റർ ചെയ്യുന്നതിനായി വിളിക്കേണ്ട നമ്പരും മത്സരക്കൂപ്പണും വിശദവിവരങ്ങളും 2013 ഏപ്രിൽ 23- ലക്കം വിദ്യ പേജിൽ!**
**സംശയങ്ങൾക്ക് 9446662378, 9539016753 എന്നീ നമ്പരുകളിൽ വിളിക്കാം.**